Talented Bankers Literary Panel
പുസ്തക പരിചയം 101

പരിചയപ്പെടുത്തുന്നത്,
മാധവി വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എറണാകുളം ശാഖ.

**നിരീശ്വരൻ**
**വി ജെ ജയിംസ്**

കേരള സാഹിത്യ അക്കാദമി അവാർഡും വയലാർ അവാർഡും നേടിയ നോവൽ.

നിലവിലുള്ള അന്ധവിശ്വാസങ്ങളെ പൊളിച്ചടുക്കുവാൻ പരിഹാസത്തിന്റെ തീക്ഷ്ണശരങ്ങൾ കൊണ്ട് വിശ്വാസങ്ങളെ എയ്തുവീഴ്ത്തുവാൻ വേണ്ടി മനുഷ്യരാൽ സൃഷ്ടിക്കപ്പെട്ട ഒരു രൂപം. അവനാണ് നിരീശ്വരൻ.

ആന്റണി, ഭാസ്കരൻ, സഹീർ - ഇവർ പേരിന്റെ ആദ്യാക്ഷരങ്ങൾ ചേർത്ത് "ആഭാസന്മാർ" എന്നറിയപ്പെടുന്നു. യുക്തിവാദികളാണിവർ. നിരീശ്വരന്റെ സ്രഷ്ടാക്കൾ. ആലും മാവും കൂടിച്ചേർന്ന ആത്മാവിന്റെ തറയിൽ അവർ പ്രതിഷ്ഠിച്ചതാണ് തലയില്ലാത്ത, ഉടൽ മാത്രമുള്ള ആ വികല രൂപം. കളവുകേസിൽപ്പെട്ട് ക്ഷേത്രത്തിലെ പൂജാകർത്തവ്യങ്ങളിൽ നിന്നും നിഷ്കാസിതനായ എന്നാൽ നിരപരാധിയായ ഈശ്വരൻ എമ്പ്രാന്തിരിയാണ് പ്രതിഷ്ഠയും പൂജയും. കുറച്ചു കാലത്തിനു ശേഷം ഇതിനെ പിഴുതെറിയാമെന്നും അങ്ങനെ ഈശ്വരസങ്കൽപ്പത്തിന്റെ വ്യർത്ഥത തെളിയിക്കാമെന്നുമാണ് ആഭാസന്മാരുടെ അനുമാനം.

എന്നാൽ ഇതിനു വിപരീതമായി നിരീശ്വരൻ വളരുന്നു. പല അത്ഭുതങ്ങളും നിരീശ്വരന്റേതായി സ്ഥാപിക്കപ്പെടുന്നു. 'നിപ്രസം '- നിരീശ്വര പ്രാർത്ഥന സംഘം വരെ രൂപം കൊള്ളുന്നു. ഏതൊരു വിശ്വാസത്തെ ചോദ്യം ചെയ്യാനാണോ നിരീശ്വരനെ സൃഷ്ടിച്ചത്, അതേ വിശ്വാസം നിരീശ്വരന്റേതായി മാറുന്നു. ആഭാസന്മാരും നിരീശ്വരനുമായി നടക്കുന്ന പോരിൽ അന്തിമവിജയം നേടുന്നത് നിരീശ്വരൻ തന്നെ.

രണ്ടു തലമുറകളിൽ നിന്നുള്ള ഒരുപിടി മനുഷ്യരുടെ കലങ്ങിമറിഞ്ഞാർക്കുന്ന ജീവിതാവേശങ്ങളാണ് 'നിരീശ്വര'നിൽ

കാണുന്നത്. ആന്റണി, ഭാസ്കരൻ, സഹീർ എന്നീ സുഹൃത്തുക്കൾ ഒരു വശത്ത്. അർണോബ്, ഈശ്വരൻ നമ്പൂതിരി, സെയ്ദ് എന്നിവർ മുൻതലമുറയിലും. ഈ മൂവർസംഘത്തെ നിരീശ്വരന്റെ അപ്പുറവും ഇപ്പുറവുമായി കാണാം.

നോവലിന്റെ മദ്ധ്യഭാഗത്തിലെ ഉപകഥകൾ കുറച്ചേറെ തന്നെയാണ്. റോബർട്ടോ എന്ന ഭൗതികശാസ്ത്രഗവേഷകൻ ഗന്ധത്തിന്റെ വേരുകൾ തേടി നടത്തുന്ന യാത്രയിൽ നിരീശ്വരന്റെ ഗ്രാമത്തിലെത്തുന്നതും ഇരുപത്തിനാലു വർഷമായി അബോധാവസ്ഥയിൽ കിടന്ന ഇന്ദ്രജിത്തിന്റെ ബോധം തിരിച്ചുപിടിക്കുന്നതും തുടങ്ങി ഒട്ടനവധി കഥകൾ പറയുന്നു കഥാകൃത്ത്. ജാനകിയും സുമിത്രനും ബാർബർ മണിയനും ഘോഷയാത്ര അന്നാമ്മയും സുധയും കൃഷ്ണനെഴുത്തച്ഛനും എല്ലാം പല തലങ്ങളാണ് നമുക്ക് കാട്ടിത്തരുന്നത്.
ഈശ്വര -നിരീശ്വര സംഘർഷം കഥയുടെ ഉപരിതലം മാത്രമേ ആകുന്നുള്ളൂ.

ബോധാബോധമണ്ഡലങ്ങളിൽ മനുഷ്യരുടെ സമസ്യകളുടെ അനാവരണത്തിനുള്ള ശ്രമം ആണ് ആന്തരതലം. ഒരു മനുഷ്യൻ ഉറങ്ങുമ്പോൾ അവന്റെ അബോധമണ്ഡലം മറ്റൊരു ജീവിതം ജീവിക്കുകയല്ലേ എന്ന ചോദ്യത്തിനുത്തരം തേടുന്നു കഥയിൽ.

പ്രമേയത്തിൽ നിന്നും വിട്ട് മാറി പല തലങ്ങളിലേക്ക് കൊണ്ടുപോയി പലപ്പോഴും വിരസതയിലേക്കു വരെ നമ്മെ തള്ളിവിടുന്ന ആഖ്യാനരീതിയാണിതിൽ. പലപ്പോഴും വായന മതിയാക്കി പുസ്തകം മടക്കി വയ്ക്കുവാൻ വരെ തോന്നുണ്ടാരുന്നു. എന്നിരുന്നാലും മുഴുമിപ്പിക്കണം എന്ന വാശിയിലാണു വായിച്ചു തീർത്തത്. പുസ്തകം അവസാനിക്കാറാകുമ്പോളുള്ള ഭാഗങ്ങൾ പലതും വളരെയധികം ഫിലോസോഫിക്കൽ ആയിട്ടു തോന്നി. ഒരു പക്ഷെ എല്ലാവർക്കും അതു ബോധിക്കണമെന്നില്ല. തുടങ്ങിയതു ഈശ്വര വിശ്വാസത്തിനെതിരെ ആണെങ്കിലും ഇടയ്ക്കു വച്ചു മനുഷ്യന്റെ അബോധമനസ്സിന്റെ വിഹാരരംഗങ്ങളിലേക്കു കഥ തിരിയുന്നു. നിരീശ്വരനുമായി ഈ കഥകളിലെ കഥാപാത്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുവരുന്നുണ്ടെങ്കിലും ആ ചരടു പൊട്ടിപോയതായി തോന്നി. എല്ലാം കൊണ്ടും ഒരു എളുപ്പ വായന അല്ലേ അല്ല നിരീശ്വരൻ.

പ്രസാധകർ - ഡി സി ബുക്സ്
വില - Rs. 280/-